"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട്, വിളയൻചാത്തന്നൂർ വി.എൽ.എൻ.എം. യു.പി സ്കൂളിലെ 2023-24 വർഷത്തെ തസ്തിക നിർണ്ണയത്തിനെതിരെ ടി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.2734/2025/GEDN തീയതി,തിരുവനന്തപുരം, 19-04-2025

---

പരാമർശം:-

1. പാലക്കാട്, വിളയൻചാത്തന്നൂർ വി.എൽ.എൻ.എം. യു.പി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച 16/08/2024 തീയതിയിലെ പുന പരിശോധനാ ഹർജി.
2. കുഴൽമന്ദം ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 09/01/2025 തീയതിയിലെ AEOCYL/03/2025-C നമ്പർ കത്ത്.
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 14/01/2025 തീയതിയിലെ ആർഎ1/26318/2024/ഡിജിഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട്, വിളയൻചാത്തന്നൂർ വി.എൽ.എൻ.എം. യു.പി സ്കൂളിലെ 2023-24 വർഷത്തെ തസ്തിക നിർണ്ണയത്തിനെതിരെ ടി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പുന പരിശോധനാ ഹർജി തീർപ്പാക്കുന്നതിന്റെ ഭാഗമായി ഹർജിക്കാരനെയും ബന്ധപ്പെട്ട കക്ഷികളെയും 6.2.2025 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

**2. ഹർജിക്കാരന്റെ വാദങ്ങൾ ഇപ്രകാരമാണ്:**

2022-2023 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവുകൾ പ്രകാരം അനുവദനീയമായ തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. 2019-2020 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം അനുവദിച്ചതിനെക്കാൾ 02 അധിക തസ്തിക എൽ.പി.എസ്.ടി തസ്തികകൾ 2022-2023 വർഷം അനുവദനീയമായിട്ടുള്ളത് കണക്കിലെടുത്ത് കുഴൽമന്ദം ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ ശുപാർശ പരിഗണിച്ച് പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർ ഹയർ ലെവൽ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ആണ് GO (Ms) 95/2023/G.Edn dated 7.7.2023 പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് കുഴൽമന്ദം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ 4.8.2023 തീയതിയിലെ C/47072/2022 നമ്പർ ഉത്തരവ് പ്രകാരം 2022-2023 വർഷത്തെ തസ്തിക പുനർനിർണയം നടത്തി ഉത്തരവായിട്ടുള്ളത്. ഇത്രയേറെ സങ്കീർണ്ണമായ പ്രക്രിയ പാലിച്ചുകൊണ്ട് 2022-2023 വർഷം അനുവദനീയമായ തസ്തികകൾ അനുവദിച്ചിട്ടുള്ളത് യാതൊരു സാംഗത്യവും ഇല്ലാതെ 2023-24 വർഷം അനുവദിക്കാതിരുന്ന

കുഴൽമന്ദം ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ നടപടി നീതീകരിക്കാനാവാത്തതാണ്. ആയതിനെതിരെ സമർപ്പിച്ച റിവിഷൻ വേണ്ടത്ര പരിശോധന ഇല്ലാതെയാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ നിരസിച്ചിട്ടുള്ളത്.

2023-2024 വർഷം ലഭ്യമായിട്ടുള്ള കുട്ടികളുടെ എണ്ണവും അനുവദിച്ചിട്ടുള്ള ഡിവിഷനുകളുടെ എണ്ണവും അനുവദനീയമായിട്ടുള്ള ഡിവിഷനുകളുടെ എണ്ണവും താഴെ പറയും പ്രകാരമാണ്.

| ക്ലാസ്സ് | 1 | 2 | 3 | 4 | 5 | 6 | 7 | Total |
|---|---|---|---|---|---|---|---|---|
| RS | 103 | 96 | 122 | 143 | 202 | 232 | 211 | 1109 |
| ES | 98 | 96 | 122 | 143 | 202 | 232 | 211 | 1104 |
| അർഹതയുള്ള ഡിവിഷനുകൾ | 4 | 4 | 5 | 5 | 6 | 7 | 7 | LP-18<br>UP-20<br>38 |
| മുൻവർഷം നിലനിന്നിരുന്ന ഡിവിഷനുകൾ | 4 | 4 | 5 | 5 | 6 | 6 | 8 | LP-18<br>UP-20<br>38 |
| 2023-2024 വർഷം അനുവദിച്ച ഡിവിഷനുകൾ | 4 | 3 | 4 | 5 | 5 | 7 | 6 | LP-16<br>UP-18<br>34 |
| കുറവ് | | | | | | | | LP-02<br>UP-02 |

<u>ആവശ്യങ്ങൾ</u>

i) കുട്ടികളുടെ എണ്ണവും അക്കോമഡേഷനും 2022-2023 വർഷം അനുവദിച്ചിട്ടുള്ള ഡിവിഷനുകളും പരിഗണിച്ച് താഴെ പറയും പ്രകാരം ഡിവിഷനുകൾ അനുവദിക്കേണ്ടതാണ്.

എൽ.പി.എസ്.ടി- 18

യു.പി.എസ്.ടി- 20

ഉപജില്ല വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ച തസ്തിക നിർണ്ണയ ഉത്തരവിൽ ഇഫക്ടീവ് സ്ട്രെങ്ത് രേഖപ്പെടുത്തിയിട്ടുള്ളത് കണക്കിലെടുത്താണ് ഡിവിഷനുകളും തസ്തികകളും

അനുവദിക്കേണ്ടത്. ആയതിനു ശേഷം ടി.സി വാങ്ങിച്ചു പോകുന്ന കുട്ടികളുടെ എണ്ണം കണക്കിലെടുത്ത് GO (P) 05/2022/G.Edn dated 18.4.2022 അനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിച്ചാണ് തസ്തിക പുനർനിർണ്ണയം ചെയ്യേണ്ടത്.ചട്ട വ്യവസ്ഥകൾ ഇവിടെ പാലിക്കാത്തത് ഗുരുതരമായ പിഴവാണ്.

ii) സ്കൂളിലെ പ്രധാന അദ്ധ്യാപകൻ ശ്രീ.ശ്രീകുമാരൻ.എ.ആർ (യു.പി.എസ്.ടി) 31.2.2023-ന് സർവ്വീസിൽ നിന്ന് വിരമിച്ചിട്ടുള്ള ഒഴിവിൽ എൽ.പി.എസ്.ടി കാറ്റഗറിയിൽ നിന്നും പ്രധാന അദ്ധ്യാപികയായി സ്ഥാനക്കയറ്റം നേടി എച്ച്.എം തസ്തികയിൽ കല്ലുവഴി ശബരി എ.യു.പി.സ്കൂളിൽ തുടർന്നു വന്നിരുന്ന ശ്രീമതി.ഗീത.പി.ആർ എന്നവരെ ട്രാൻസ്ഫർ ചെയ്ത് ശബരി വി.എൽ.എൻ.എം. യു.പി സ്കൂൾ, വിളയൻചാത്തന്നൂർ-ൽ നിയമിച്ചിട്ടുള്ളത് കണക്കിലെടുത്ത് Rejimol Vs AEO കേസ്സിന്മേലുള്ള വിധിന്യായം കണക്കിലെടുത്തും ടിയാരിയെ എൽ.പി.എസ്.ടി കാറ്റഗറിയിൽ നിലനിർത്തി താഴെ പറയും പ്രകാരം എൽ.പി.എസ്.ടി, യു.പി.എസ്.ടി തസ്തികകളും 5ാം തരത്തിൽ 6 ഡിവിഷനുകളും 6ാം തരത്തിലും 7-ാം തരത്തിലും 7 ഡിവിഷനുകളും പ്രവർത്തിക്കുന്നത് പരിഗണിച്ച് താഴെ പറയും പ്രകാരം എച്ച്.എം, എൽ.പി.എസ്.ടി, യു.പി.എസ്.ടി (ഹിന്ദി) തസ്തികകളും അനുവദിക്കേണ്ടതാണ്.

HM - ശ്രീമതി.ഗീത.പി.ആർ എൽ.പി.എസ്.ടി കാറ്റഗറിയിൽ ആയതിനാൽ ടിയാരിയുടെ തസ്തിക എൽ.പി.എസ്.ടി കാറ്റഗറിയിൽ നിന്നും കുറവ് വരുത്തേണ്ടതാണ്.

UPST - 20

LPST - 17

L.G (Hindi) - 03

**3. വിദ്യാഭ്യാസ അധികാരികൾ സമർപ്പിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു.**

വിളയൻചാത്തന്നൂർ വി.എൽ.എൻ.എം.യു.പി സ്കൂളിലെ 2023-24 വർഷത്തെ തസ്തിക നിർണ്ണയ പ്രൊപ്പോസൽ പരിശോധിച്ചു. 16.5.2023 തീയതിയിൽ തേക്കുറിശ്ശി പഞ്ചായത്തിലെ എൽ.ഐ.ഡി ആന്റ് ഇ.ഡബ്ല്യൂ സെക്ഷൻ അസിസ്റ്റന്റ് എൻജിനീയർ നൽകിയ ഫിറ്റ്നസ്, പ്ലാൻ എന്നിവ പരിശോധിച്ചു. ആയത് പ്രകാരം 60 ക്ലാസ്സ് മുറികൾ ഉണ്ട്.

ഈ സ്കൂളിൽ മുൻ വർഷം (2022-23) നിലനിന്നിരുന്ന ഡിവിഷനുകളുടെയും തസ്തികകളുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| Std | 1 | 2 | 3 | 4 | 5 | 6 | 7 | Total |
|---|---|---|---|---|---|---|---|---|
| Divisions | 4 | 4 | 5 | 6 | 6 | 6 | 8 | 38 divisions |

2023-24 വർഷത്തെ UID പ്രകാരമുള്ള കുട്ടികളുടെ എണ്ണം പ്രകാരം അംഗീകരിച്ച സ്റ്റാഫ് ഫിക്സേഷൻ വിവരങ്ങൾ താഴെ നൽകുന്നു.

| Std | 1 | 2 | 3 | 4 | 5 | 6 | 7 | Total |
|---|---|---|---|---|---|---|---|---|
| Effective Strength | 98 | 96 | 122 | 143 | 202 | 232 | 211 | 1104 |
| PTR പ്രകാരം അനുവദിക്കാൻ കഴിയുന്ന ഡിവിഷനുകൾ | 4 | 4 | 5 | 5 | 6 | 7 | 7 | 38 |
| അനുവദിച്ച ഡിവിഷനുകൾ | 4 | 3 | 4 | 5 | 5 | 7 | 6 | 34 |

കുഴൽമന്ദം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ സ്കൂളിൽ പോയി പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന കാര്യങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു.

ആറാം പ്രവൃത്തി ദിവസത്തിനുശേഷം ടി.സി വാങ്ങി പോയ കുട്ടികളുടെ കണക്ക് പരിശോധിച്ചത് പ്രകാരവും 3,5 എന്നീ ക്ലാസ്സുകളിൽ 10 കുട്ടികൾ 15 കുട്ടികൾ എന്നീ ക്രമത്തിൽ ടി.സി വാങ്ങി പോയിരിക്കുന്നു.

മൂന്നാം ക്ലാസ്സിലെ ആറാം പ്രവൃത്തി ദിവസത്തെ എഫക്ടീവ് സ്ട്രെങ്ത് 122 ആണ്. മൂന്നാം ക്ലാസ്സിൽ 5 ഡിവിഷൻ ലഭിക്കുന്നതിന് 121 കുട്ടികൾ വേണ്ടതാണ് എന്നാൽ ആറാം പ്രവൃത്തി ദിവസത്തിനു ശേഷം 10 കുട്ടികൾ ടി.സി വാങ്ങി പോയതിനാൽ എഫക്ടീവ് സ്ട്രെങ്ത് 112 ആയി മാറിയിട്ടുള്ളതും ആയതു പ്രകാരം ഒരു എൽ.പി ഡിവിഷനും ഒരു എൽ.പി.എസ്.ടി തസ്തികയും കുറഞ്ഞിട്ടുള്ളതുമാണ്.

അഞ്ചാം ക്ലാസ്സിലെ ആറാം പ്രവൃത്തി ദിവസത്തെ എഫക്ടീവ് സ്ട്രെങ്ത് 202 ആണ്. അഞ്ചാം ക്ലാസ്സിൽ 6 ഡിവിഷൻ ലഭിക്കുന്നതിന് 201 കുട്ടികൾ വേണ്ടതാണ്. എന്നാൽ ആറാം പ്രവൃത്തി ദിവസത്തിനുശേഷം 15 കുട്ടികൾ ടി.സി വാങ്ങി പോയതിനാൽ എഫക്ടീവ് സ്ട്രെങ്ത് 187 ആയി മാറിയിട്ടുള്ളതും, ആയതു പ്രകാരം ഒരു യു.പി. ഡിവിഷനും ഒരു യു.പി.എസ്.ടി തസ്തികയും കുറഞ്ഞിട്ടുള്ളതുമാണ്. കൂടാതെ യു.പി യിൽ ഡിവിഷൻ കണക്കാക്കുമ്പോൾ ഹിന്ദി തസ്തികയ്ക്ക് 49 പീരീഡ് ആണ് വരുന്നത്. മുൻവർഷത്തെ പോലെ ഹിന്ദി ഫുൾ ടൈം തസ്തിക ലഭിക്കുന്നതിന് 54 പീരീഡുകൾ വേണ്ടതാണ്. എന്നാൽ ഈ വർഷത്തെ തസ്തിക നിർണ്ണയം പ്രകാരം ആകെ 49 പീരീഡ് മാത്രമേ ഹിന്ദിക്കു അനുവദിച്ചു നൽകാൻ സാധിക്കുകയുള്ളൂ എന്നതിനാൽ 2022-2023 വർഷത്തിൽ 3 ഹിന്ദി ഫുൾടൈം തസ്തിക ഉണ്ടായിരുന്നത് 1 കുറഞ്ഞ് 2 ആയി മാറുന്നു.

സ്കൂൾ 2 പ്രാവശ്യം സന്ദർശിച്ചിരുന്നു. രണ്ട്, ഏഴ് ക്ലാസ്സുകളിലെ കുട്ടികളുടെ ഹാജർ പരിശോധിക്കുമ്പോൾ രണ്ടു തവണയും ആബ്സന്റ് ആയിരിക്കുന്ന കുട്ടികളെ കണ്ടു. ക്ലാസ്സ് രണ്ടിൽ, 19947, 19819, 19783 എന്നീ അഡ്മിഷൻ നമ്പർ ഉള്ള കുട്ടികളെ രണ്ടു തവണയും കാണാൻ കഴിഞ്ഞില്ല നിരന്തരമായി ആബ്സന്റ് ആയിരിക്കുന്നതും കണ്ടും. ക്ലാസ്സ് ഏഴിൽ രണ്ടു വിസിറ്റ് സമയത്തും 19624 അഡ്മിഷൻ നമ്പർ ഉള്ള കുട്ടി ഹാജരായിരുന്നില്ല. ഏഴാം ക്ലാസ്സിൽ തന്നെ 19557 അഡ്മിഷൻ നമ്പർ ഉള്ള കുട്ടി നിരന്തരം ആബ്സെന്റ് ആയിരിക്കുന്നതും കണ്ടു. ടി സ്കൂളിൽ മുൻ വർഷങ്ങളിൽ ബോഗസ് അഡ്മിഷൻ കണ്ടെത്തുകയും സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം മാത്രമേ ഇനി വരുന്ന വർഷങ്ങളിലും തസ്തിക നിർണ്ണയം നടത്താവൂ എന്നും സർക്കാരിന്റെ നിർദ്ദേശം ഉള്ളതിനാലും മേൽപ്പറഞ്ഞ സാഹചര്യം മുൻ നിർത്തി. താഴെ പറയുന്ന പ്രകാരം കുട്ടികളുടെ എണ്ണം കുറച്ചു.

രണ്ടാം ക്ലാസ്സിൽ 96 കുട്ടികൾ ഉള്ളതായി ആറാം പ്രവൃത്തി ദിവസത്തെ കണക്ക് പ്രകാരം

കാണിച്ചിരുന്നു. എന്നാൽ ആറാം പ്രവൃത്തി ദിവസത്തിനുശേഷം 5 കുട്ടികൾ ടി.സി വാങ്ങി പോയതിനാലും എ.ഇ.ഒ സ്കൂൾ വിസിറ്റ് നടത്തിയ സമയങ്ങളിലെല്ലാം മൂന്ന് കുട്ടികൾ ഹാജരായിരുന്നില്ല എന്നതിനാലും 3 കുട്ടികളെ കൂടി എഫക്ടീവ് സ്ട്രെങ്ങ്തിൽ നിന്നും കുറച്ച് 88 കുട്ടികൾക്ക് 3 ഡിവിഷൻ അനുവദിച്ചിരിക്കുന്നു. ആയത് പ്രകാരം ഒരു എൽ.പി ഡിവിഷനും, ഒരു എൽ.പി.എസ്.ടി തസ്തികയും കുറഞ്ഞു.

ഏഴാം ക്ലാസ്സിൽ 211 കുട്ടികൾ ഉള്ളതായി ആറാം പ്രവൃത്തി ദിവസത്തെ കണക്ക് പ്രകാരം കാണിച്ചിരുന്നു. ഏഴാം ക്ലാസ്സിൽ 7 ഡിവിഷൻ ലഭിക്കുന്നതിന് ആകെ 211 കുട്ടികൾ ആണ് വേണ്ടത്. ഈ സ്കൂളിലെ എഫക്ടീവ് സ്ട്രെങ്ങ്ത് പ്രകാരം കൃത്യം 211 കുട്ടികൾ ആണ് ഉള്ളത്. എ.ഇ.ഒ സ്കൂൾ വിസിറ്റ് നടത്തിയ സമയങ്ങളിലെല്ലാം 2 കുട്ടികൾ ആബ്സെന്റ് ആയിരുന്നു. അതിനാൽ 209 കുട്ടികളെ കണക്കാക്കി 6 ഡിവിഷൻ അനുവദിച്ചു. ആയതു പ്രകാരം ഒരു യു.പി ഡിവിഷനും ഒരു യു.പി.എസ്.ടി തസ്തികയും കുറഞ്ഞു.

മേൽ പറഞ്ഞിരിക്കുന്ന കാരണങ്ങളാൽ 2023-24 വർഷത്തിൽ ടി സ്കൂളിൽ 2 എൽ.പി.എസ്.ടി 2, യു.പി.എസ്.ടി. 1 ഹിന്ദി ടീച്ചർ എന്നീ തസ്തികകൾ കുറച്ചാണ് കുഴൽമന്ദം ഉപജില്ല വിദ്യാഭ്യാസ ഓഫീസിൽ നിന്നും ഉത്തരവായിട്ടുള്ളത്.

ഈ വിഷയത്തിൽ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച റിവിഷൻ അപ്പീൽ ഉത്തരവ് നം.ആർ.എ1/75661/2023 തീയതി 2.8.2024 പ്രകാരം കുഴൽമന്ദം ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ നടപടി ക്രമപ്രകാരമാണെന്ന് കണ്ടു നിരസിച്ച് ഉത്തരവാകുകയാണ് ചെയ്തതെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

4. സർക്കാർ ഇക്കാര്യം നിലവിലുള്ള ചട്ടങ്ങളുടെയും, ഉത്തരവുകളുടെയും, ലഭ്യമായ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു. പാലക്കാട്, വിളയൻചാത്തന്നൂർ വി.എൽ.എൻ.എം.യു.പി സ്കൂളിൽ 2022-23 വർഷത്തെ തസ്തിക നിർണ്ണയ പ്രകാരം 38 ഡിവിഷനുകൾ അനുവദിച്ചിരുന്നു. 2023-2024 വർഷത്തിൽ രണ്ട് എൽ.പി ഡിവിഷനുകളും രണ്ട് യുപി ഡിവിഷനുകളും കുറവ് ചെയ്ത് 34 ഡിവിഷനാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ 2023-24 വർഷത്തിൽ കുറവ് ചെയ്ത 2 എൽ.പി.എസ്.ടി, 2 യു.പി.എസ്.ടി, ഹിന്ദി ടീച്ചറുടെ ഒരു തസ്തിക എന്നിവ പുനഃസ്ഥാപിച്ച് നൽകണമെന്നതാണ് സ്കൂൾ മാനേജരുടെ ആവശ്യം.

കുഴൽമന്ദം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ രണ്ട് പ്രാവശ്യം സ്കൂൾ സന്ദർശിച്ചിരുന്നു. രണ്ടാം ക്ലാസ്സിൽ ആറാം പ്രവൃത്തി ദിവസത്തെ കണക്ക് പ്രകാരം 96 കുട്ടികൾ ഉണ്ടായിരുന്നു. എന്നാൽ ആറാം പ്രവൃത്തി ദിവസത്തിനുശേഷം 5 കുട്ടികൾ ടി.സി വാങ്ങി പോയതിനാലും, ഉപജില്ല വിദ്യാഭ്യാസ ഓഫീസർ സ്കൂൾ വിസിറ്റ് നടത്തിയ സമയങ്ങളിൽ 3 കുട്ടികൾ ഹാജരില്ലാതിരുന്നതിനാലും 8 കുട്ടികളെ ഒഴിവാക്കി 88 കുട്ടികൾക്ക് 3 ഡിവിഷൻ അനുവദിച്ചു. ആയത് പ്രകാരം ഒരു എൽ.പി ഡിവിഷനും ഒരു എൽ.പി.എസ്.ടി തസ്തികയും കുറഞ്ഞു.

മൂന്നാം ക്ലാസ്സിലെ ആറാം പ്രവൃത്തി ദിവസത്തെ കണക്ക് പ്രകാരം 122 കുട്ടികൾ ഉണ്ടായിരുന്നു. എന്നാൽ ആറാം പ്രവൃത്തി ദിവസത്തിനു ശേഷം 10 കുട്ടികൾ ടി.സി വാങ്ങി പോയതിനാൽ ഇഫക്ടീവ് സ്ട്രെങ്ങ്ത് 112 ആയി മാറിയിട്ടുള്ളതും അപ്രകാരം 4 ഡിവിഷൻ അനുവദിക്കുകയുമുണ്ടായി. ആയത് പ്രകാരമാണ് ഒരു എൽ.പി ഡിവിഷനും ഒരു എൽ.പി.എസ്.ടി തസ്തികയും കുറഞ്ഞിട്ടുള്ളത്.

അഞ്ചാം ക്ലാസ്സിലെ ആറാം പ്രവൃത്തി ദിവസത്തെ ഇഫക്ടീവ് സ്ട്രെങ്ങ്ത് 202 ആണ്. എന്നാൽ ആറാം പ്രവൃത്തി ദിവസത്തിനു ശേഷം 15 കുട്ടികൾ ടി.സി വാങ്ങി പോയതിനാൽ കുട്ടികളുടെ എണ്ണം 187 ആയി മാറിയിട്ടുണ്ട്. ആയത് പ്രകാരം ഒരു യു.പി ഡിവിഷനും ഒരു

യു.പി.എസ്.ടി തസ്തികയും കുറഞ്ഞു.

ഏഴാം ക്ലാസ്സിൽ ആറാം പ്രവൃത്തി ദിവസത്തെ കണക്ക് പ്രകാരം 211 കുട്ടികൾ ഉണ്ട്. എന്നാൽ ഉപജില്ല വിദ്യാഭ്യാസ ഓഫീസർ സ്കൂൾ സന്ദർശിച്ച സമയങ്ങളിൽ 2 കുട്ടികൾ ആബ്സൻറ് ആയിരുന്നു. ആയതിനാൽ 2 കുട്ടികളെ ഒഴിവാക്കി 209 കുട്ടികൾക്ക് 6 ഡിവിഷൻ അനുവദിച്ചു. ആയത് പ്രകാരം ഒരു യുപി ഡിവിഷനും ഒരു യു.പി.എസ്.ടി തസ്തികയും കുറഞ്ഞിട്ടുണ്ട്.

യു.പി യിൽ ഡിവിഷൻ കണക്കാക്കുമ്പോൾ ഹിന്ദി തസ്തികയ്ക്ക് 49 പീരീഡാണ് വരുന്നത്. ഹിന്ദി ഫുൾ ടൈം തസ്തിക ലഭിക്കുന്നതിന് 54 പീരീഡ് വേണ്ടതാണ്. ഈ വർഷത്തെ തസ്തിക നിർണ്ണയം പ്രകാരം 49 പീരീഡ് മാത്രമേ ഹിന്ദിക്ക് അനുവദിച്ചു നൽകാൻ കഴിയുകയുള്ളൂ എന്നതിനാൽ ഒരു ഹിന്ദി തസ്തിക കുറച്ച് 2 തസ്തികകൾ അനുവദിച്ചു.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ കുഴൽമന്ദം ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ തസ്തിക നിർണ്ണയ ഉത്തരവ് ക്രമപ്രകാരമാണ്. ആയതിനാൽ 2023-24 വർഷത്തെ തസ്തിക നിർണ്ണയ പ്രകാരം കുറവ് ചെയ്ത 2 എൽ.പി.എസ്.ടി, 2 യു.പി.എസ്.ടി തസ്തികകൾ, ഒരു ഹിന്ദി ടീച്ചർ തസ്തിക എന്നിവ പുനഃസ്ഥാപിച്ചു നൽകണമെന്ന പാലക്കാട്, വിളയൻചാത്തന്നൂർ വി.എൽ.എൻ.എം. യു.പി സ്കൂൾ മാനേജരുടെ പരാമർശം 1 പുന പരിശോധനാ ഹർജിയിലെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ ആയത് നിരസിച്ച് തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഡയറക്ടർ, പാലക്കാട്.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കുഴൽമന്ദം
മാനേജർ, വി.എൽ.എൻ.എം. യു.പി സ്കൂൾ, വിളയൻചാത്തന്നൂർ, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, വി.എൽ.എൻ.എം. യു.പി സ്കൂൾ, വിളയൻചാത്തന്നൂർ, പാലക്കാട്.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
സെക്ഷൻ ഓഫീസർ
Date: 22-04-2025 10:58:04